# കേരള സർക്കാർ
# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.4)1132/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 14/11/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (പി.4)1132/2025 തീയ്യതി: 14/11/2025

# എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 03-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 03-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജീവ് എൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ്.കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ വാലന്റൈൻ കെ.ഗിൽബർട്ട്, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ ടിനു കെ.ജെ, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.നിബിൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ഗിരീഷ് .എസ് .എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ.ബെൻസി.എൻ | സെക്രട്ടറി | 27-04-2024 | 12-05-2024 |
| ശ്രീ ഗിരീഷ് .എസ് .എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-05-2024 | 13-06-2024 |
| ശ്രീ.ബെൻസി.എൻ | സെക്രട്ടറി | 14-06-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഗിരീഷ് .എസ് .എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ഷജന.പി.കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.സൗമ്യ വാസുദേവൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.രജിത.കെ.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ രാധാമണി.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.ശ്രീദേവി.ടി.കെ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ജിയ ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി സിന്ധു.പി.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 30-07-2024 |
| ശ്രീമതി ശ്രീരേഷ്മ രാജു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2024 | 31-08-2024 |
| ശ്രീമതി സിന്ധു.പി.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2024 | 30-11-2024 |
| ശ്രീമതി ശ്രീരേഷ്മ രാജു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2024 | 31-03-2025 |
| ശ്രീമതി സുജാത.വി.എൻ | വി.ഇ.ഒ കുഴുപ്പിള്ളി | 01-04-2024 | 18-09-2024 |
| ശ്രീമതി ജിസ്സ.ടി.ദിനരാജൻ | വി.ഇ.ഒ കുഴുപ്പിള്ളി | 19-09-2024 | 31-03-2025 |
| ശ്രീമതി ശാലിനി.എം.എം | വി.ഇ.ഒ അയ്യമ്പിള്ളി | 01-04-2024 | 31-03-2025 |
| ശ്രീമതി.ബിന്ദുജ.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 20-07-2024 |
| ശ്രീമതി ജൂണി ജോസ് റോഡ്രിഗസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-07-2024 | 31-03-2025 |
| ശ്രീമതി കാവ്യ കെ. കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ഹെഡിൽ ചേർത്തില്ല | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് - സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രിക തമ്മിൽ വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ട് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബാങ്ക് ബുക്ക് പ്രകാരവും, ലെഡ്ജർ പ്രകാരവും വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 17 | കൺവെൻഷൻ സെന്റർ പെർമ്മിറ്റ് ഇല്ലാതെ അനധികൃതമായി നിർമ്മിച്ച് ഉപയോഗിക്കുന്നു. | 1-10 |
| 18 | വെംബ്ലായി തോട് ലേലം - ലേല തുക ഈടാക്കിയില്ല. | 1-11 |
| 19 | മുൻവർഷങ്ങളിലെ ലേല കുടിശ്ശിക - 2,14,776/- രൂപ നിലവിലും ഈടാക്കിയില്ല. | 1-12 |
| 20 | തൊഴിൽനികുതി ഈടാക്കിയില്ല. | 1-13 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല (വാട്ടർ അതോറിറ്റി)-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-14 |
| 22 | പാലിയേറ്റീവ് കെയർ - മരുന്ന് പൂർണമായി ലഭ്യമായില്ല - 86,373/-രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 23 | അങ്കണവാടികൾക്ക് കളിപ്പാട്ടം വാങ്ങൽ - GeM മുഖേന വാങ്ങൽ - സാധ്യത പരിശോധിച്ചതായി കാണുന്നില്ല | 1-16 |
| 24 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-6548/-രൂപ തടസ്സം | 1-17 |
| 25 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകത. | 1-18 |
| 26 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-19 |
| 27 | ജൽജീവൻ മിഷൻ -അവലോകനം | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **05.07.2025** ലെ **1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **16.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കുഴുപ്പിള്ളി ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ

എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എൻ്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എൻ്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിൻ്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എൻ്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിൻ്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കുഴുപ്പിള്ളി ഗ്രാമ** പഞ്ചായത്തിൻ്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: 14.11.2025

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെൻ്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹2,39,830.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹98,21,822.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### <u>1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.</u>

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### <u>1-1-4 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ഹെഡിൽ ചേർത്തില്ല</u>

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0076/25) പ്രോജക്ട് മുഖേന കെ.എസ്.ഇ.ബിയിൽ 2,96,850 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board ഹെഡിൽ ആയത് ചേർത്തില്ല.

### <u>1-1-5 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് - സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രിക തമ്മിൽ വ്യത്യാസം</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് 76,47,496/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആയത് 75,97,626/- രൂപയാണ്. 49,870/- രൂപയുടെ വ്യത്യാസമുണ്ട്.

### <u>1-1-6 ബാങ്ക് അക്കൗണ്ട് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.</u>

UBI എടവനക്കാട് ബ്രാഞ്ചിൽ, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന് HEALTH GRANT TOWARDS BUILDINGLESS SUB CENTRES എന്ന പേരിൽ 741302010007406 നമ്പർ അക്കൗണ്ട് ഉണ്ടെങ്കിലും ആയത് വാർഷികധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31-03-2025 ലെ നീക്കിയിരിപ്പ് 0 ആണ്. ഈ അക്കൗണ്ട് തൻവർഷാവസാനം ക്ലോസ് ചെയ്തിട്ടില്ല. ടി ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/27-09-2025) നാളിത് വരെ തുകകളൊന്നും പ്രസ്തുത അക്കൗണ്ടിൽ വരവോ ചെലവോ ഇല്ലാത്തതിനാലാണ് ആയത് ഉൾപ്പടുത്താതിരുന്നത് എന്നാണ് മറുപടി ലഭ്യമായത്. എന്നാൽ ടി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ലാത്തതും ആക്ടീവായി നിലനിൽക്കുന്നതുമാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ക്ലോസ് ചെയ്യാതെ ആക്ടീവായി നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബാങ്ക് ബുക്ക് പ്രകാരവും, ലെഡ്ജർ പ്രകാരവും വ്യത്യാസം

സി.എഫ്.സി.ഗ്രാന്റ് ബേസിക്, ടൈഡ് ലെഡ്ജർ ബാലൻസ് ആകെ തുക (ബി4 പ്രകാരം) 6,88,296/- രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം 7,55,412/-രൂപയാണ്. 67,116/-രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 10.03.2025 ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹2,22,25,600 | ₹89,71,373 |
| വരവ് | ₹16,92,63,463 | ₹20,50,55,353 |

| | | |
|---|---|---|
| ആകെ | ₹19,14,89,063 | ₹21,40,26,726 |
| ചെലവ് | ₹18,98,96,126 | ₹20,70,06,897 |
| നീക്കിയിരുപ്പ് | ₹15,92,937 | ₹70,19,829 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹2,01,89,176.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,29,66,923.00 |
| ആകെ | : | ₹5,31,56,099.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,32,06,753.00 |
| നീക്കിയിരുപ്പ് | : | ₹1,99,49,346.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിയ്ക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13812000 | 13812000 | 13754750 | 0 | 57250 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4869000 | 4869000 | 4869000 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 4837000 | 4837000 | 4837000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 1320000 | 1320000 | 1320000 | 0 | 0 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ബാങ്ക്) | 1013533 | 2397292 (പലിശ 70292 ഉൾപ്പടെ) | 3410825 | 3131401 (ബാങ്ക ചാർജ്ജ് 22 ഉൾപ്പടെ) | 279424 | 0 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ട്രഷറി) | 0 | 1010 | 1010 | 0 | 0 | 1010 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്) | 60489 | 4864500 | 4924989 | 4516117 | 408872 | 0 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 0 | 0 | 0 | 0 | 0 |
| National Health Mission (320100139) | 0 | 547736 | 547736 | 547736 | 0 | 0 |
| Other Schemes (320100152) | 0 | 12687 | 12687 | 12687 | 0 | 0 |
| Rural Housing – Housing For All(320100160) | 3171312 | 2500000 | 5671312 | 2060000 | 3611312 | 0 |
| Total Sanitation Campaign(320100181) | 30217 | 1211 | 31428 | 0 | 31428 | |
| നിർമ്മൽ പുരസ്കാർ (320100191) | 9543 | 383 | 9926 | 0 | 9926 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192) | 100000 | 100000 | 200000 | 0 | 200000 | 0 |
| ഐ.സി.ഡി.എസ് (320100196) | 933947 | 543330 | 1477277 | 455898 | 1021379 | 0 |
| Literacy Scheme Grant (320100197) | 4390 | 120 | 4510 | 0 | 4510 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ്(320100198) | 1412520 | 348000 | 1760520 | 572386 | 1188134 | 0 |
| Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs (320100202) | 257122 | 275467 | 532589 | 249171 | 283418 | 0 |
| Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres In To Health & Wellness | 162778 | 460549 | 623327 | 156783 | 466544 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Centres (320100204) | | | | | | |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Crematorium (320200301) | 0 | 999 | 999 | 999 | 0 | 0 |
| Grants, Funds & Contributions For Specific Purposes – Other Than Development Fund & State Sponsored Scheme Funds –Other Purposes (320200399) | 266484 | 0 | 266484 | 0 | 266484 | 0 |
| Donations To CMDRF(320900101) | 0 | 100000 | 100000 | 100000 | 0 | 0 |
| Donations Related To Pandemic/Epidemic Control (320900102) | 6935 | 0 | 6935 | 0 | 6935 | 0 |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ – വരവിലും ചെലവിലും ഉത്തവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2464221/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ – ചെലവ്, ₹12629731/- റവന്യൂ ചെലവും ₹1125019/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ് സി പി – ജനറൽ വരവിലും ചെലവിലും ഉത്തവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹284150/- ഉൾപ്പെടുന്നുണ്ട്.

. മെയിന്റനൻസ് ഫണ്ട് – റോഡ് – ചെലവ്, ₹4342612/- റവന്യൂ ചെലവും ₹494388/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി. ബേസിക്ക് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹1034444/- റവന്യൂ ചെലവും ₹2096935/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹1443496 റവന്യൂ ചെലവും ₹3072621 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 200 | ₹12,57,72,715* | ₹4,71,41,942 | 125 | 33 | 42 | 62.5% |

*പദ്ധതി അടങ്കൽ = ജി.ഒ. പ്രോജക്ട് പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത ₹27,48,371/- ഉൾപ്പടെ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 182 | 11,45,988 | 11,46,170 | 11,46,169 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,63,23,286 | 1,63,23,286 | 1,63,23,286 | 0 |
| **ആകെ** | 182 | 1,74,69,274 | 1,74,69,456 | 1,74,69,455 | 1 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹18,05,200 | 106 |
| വിധവാപെൻഷൻ | ₹81,81,900 | 539 |
| വാർദ്ധക്യകാല പെൻഷൻ | ₹1,68,18,000 | 1274 |
| ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | ₹21,61,400 | 142 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹8,94,800 | 59 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,663/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
2. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ്

റിപ്പോർട്ടായി പല പ്രോജക്കുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് ആസ്തികളുടെ പരിപാലനം കൃത്യമായി നടത്തേണ്ടതാണ്. നിലവിലുള്ള ആസ്തികൾ കൃത്യമായി നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയും അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയേണ്ടതുമാണ്. ആസ്തികളോ കെട്ടിടങ്ങളോ വാടകയ്ക്ക് നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പെർമ്മിറ്റ് ഇല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**<u>1-10 കൺവെൻഷൻ സെന്റർ പെർമ്മിറ്റ് ഇല്ലാതെ അനധികൃതമായി നിർമ്മിച്ച് ഉപയോഗിക്കുന്നു.</u>**

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ അയ്യമ്പിള്ളി സെന്റ് ജോൺസ് ചർച്ച് കോമ്പൗണ്ടിൽ എ.സി സൗകര്യമുള്ള കൺവെൻഷൻ സെന്റർ പുതിയതായി നിർമ്മിച്ച് ഉപയോഗിക്കുന്നുണ്ട്. എന്നാൽ പെർമ്മിറ്റ് ഇല്ലാതെയാണ് ഈ കെട്ടിടം നിർമ്മിച്ചത്. നാളിത് വരെയും ടി ഓഡിറ്റോറിയത്തിന് കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചിട്ടില്ല. ടി കെട്ടിടത്തിന്റെ പെർമ്മിറ്റ്, കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച് 23-09-2025 ൽ വിവരാവകാശ അപേക്ഷ (ഫയൽ നമ്പർ - 4715036-2025) ലഭ്യമായിട്ടുണ്ട്. ഈ കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ആയതിനെതിരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/25-09-2025) പഞ്ചായത്തിന്റെ

അനുമതിയില്ലാതെ നിർമ്മിച്ച ഈ കെട്ടിടം ക്രമവത്കരിക്കാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകിയെന്നും ക്രമവത്കരണ അപേക്ഷ സമർപ്പിച്ചെന്നും തണ്ടപ്പേരിൽ വ്യത്യാസമുണ്ടെന്നും ആയത് വ്യക്തത വരുത്തി വസ്തുവിന്റെ പോക്കുവരവ് തീർത്ത് നടപ്പ് വർഷത്തെ കരം ഒടുക്കിയ രസീത് ഹാജരാക്കാൻ നിർദ്ദേശിച്ച് ഫയൽ റിട്ടേൺ ചെയ്തെന്നും പുനഃസമർപ്പിച്ച ഫയലിലും തണ്ടപ്പേർ വ്യത്യാസമുള്ളതിനാൽ ഫയൽ വീണ്ടും റിട്ടേൺ ചെയ്തെന്നും നാളിത് വരെയും പുനഃസമർപ്പിച്ചിട്ടില്ലെന്നും മറുപടി ലഭ്യമായി. ടി ഓഡിറ്റോറിയത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടില്ലാത്തതിനാലും ക്രമവത്കരണം നടത്തിയിട്ടില്ലാത്തതിനാലും ഓഡിറ്റോറിയത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2019 ലെ കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് എന്നിവ പ്രകാരം നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-11 വെംബ്ലായി തോട് ലേലം - ലേല തുക ഈടാക്കിയില്ല.**

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വെംബ്ലായി തോടിൽ നിന്നും 01-05-2024 മുതൽ 31-03-2025 വരെ മത്സ്യബന്ധനത്തിനുള്ള അവകാശത്തിനായി നടന്ന ലേലം 30-04-2024 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാന പ്രകാരം ശ്രീ. വി എൻ തമ്പി, വെൺമലശ്ശേരി, അയ്യമ്പിള്ളി എന്നയാളുടെ പേരിൽ 3,33,333/- രൂപയ്ക്ക് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ലേല തുകയുടെ മൂന്നിൽ ഒന്ന് തുക 1,11,111/- രൂപ 1240200353/28-05-2024 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് ടിയാളുമായി ചമച്ച എഗ്രിമെന്റ് പ്രകാരം ലേല ഇനത്തിൽ പഞ്ചായത്തിൽ അടവാക്കേണ്ട ബാക്കി തുക 2024 ജൂൺ മുതൽ സെപ്റ്റംബർ വരെ 4 തുല്യ ഗഡുക്കളായി എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ടിയാൾ അടവാക്കേണ്ടതാണ്. തവണ സംഖ്യ മുടക്കം വരുത്തുന്ന പക്ഷം പ്രതിമാസം 2% നിരക്കിൽ പിഴപലിശയോട് കൂടി അടവാക്കേണ്ടതാണ്. എന്നാൽ നാളിത് വരെയും ടിയാളിൽ നിന്ന് തുക ഈടാക്കിയില്ല. ലേല തുകയുടെ ബാക്കി 2,22,222/- രൂപ നിലവിലും ലഭിക്കാനവശേഷിക്കുന്നു.

ഈ തുക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/25-09-2025) ഈ തുക പലിശ ഉൾപ്പടെ അടവാക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയിട്ടും അടവാക്കാത്തതിനെ തുടർന്ന് 31-03-2025 തീയതിയിൽ ഓൺലൈൻ റെവന്യൂ റിക്കവറി നടപടികൾ ചെയ്തെന്ന് മറുപടി ലഭ്യമായി. ടിയാളിൽ നിന്ന് കുടിശ്ശിക പിഴപലിശ്ശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**<u>1-12 മുൻവർഷങ്ങളിലെ ലേല കുടിശ്ശിക - 2,14,776/- രൂപ നിലവിലും ഈടാക്കിയില്ല.</u>**

വാർഷിക ധനകാര്യ പത്രികയിൽ B-15 ഷെഡ്യൂൾ പ്രകാരം ലേലം Arrear ഇനത്തിൽ 2,14,776/- രൂപ ലഭിക്കാനവശേഷിക്കുന്നുണ്ട്.

1) 431400112 - Receivables Towards Public Comfort Stations Receipts (Arrears) ഹെഡ് പ്രകാരം 1,94,448/-രൂപ ലഭിക്കാനവശേഷിക്കുന്നു. ഈ തുക നാളിത് വരെയും ഈടാക്കാത്തത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/25-09-2025) കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സാനിറ്ററി കോംപ്ലക്സ്, വണ്ടിപ്പേട്ട പിരിക്കൽ എന്നിവ 2021-2022 വർഷത്തേക്ക് ജോബിഷ് മംഗലപ്പിള്ളി എന്നയാൾ 261,000/- രൂപക്ക് ലേലം കൊണ്ടതാണെന്നും ലേല തുക പൂർണ്ണമായി അടവാക്കാത്തതിനാൽ 11-02-2022 തീയതിയിൽ 63,688/- രൂപയ്ക്ക് ഓൺലൈൻ റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും ഈ തുക ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിച്ച് കൊച്ചി തഹസിൽദാർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമായി. 1,94,448/-രൂപയിൽ 63,688/- രൂപ കിഴിച്ച് അവശേഷിക്കുന്ന 1,30,760/- രൂപ ഏതിനത്തിൽ ലഭിക്കാനുള്ളതാണെന്നുള്ള വിവരം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. 1,94,448/-രൂപ കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2) 431400106 - Receivables Towards Market Receipts (Arrears) ഹെഡ് പ്രകാരം 20,328/-രൂപ ലഭിക്കാനവശേഷിക്കുന്നു. ഈ തുക നാളിത് വരെയും ഈടാക്കാത്തത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/25-09-2025) ഈ തുക മാർക്കറ്റ് അരിയർ ഇനത്തിൽ റെവന്യൂ

റിക്കവറി ചെയ്ത തുകയാണെന്നും റെവന്യൂ വകുപ്പിൽ നിന്നും അരിയർ ഇനത്തിൽ തൻവർഷം യാതൊരു തുകയും ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമായി. മേൽ കുടിശ്ശിക ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിരങ്ങൾ താഴെ ചേർക്കുന്നു.

1) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | U & Co. മറൈൻ എക്സ്പോർട്ട്സ്, കുഴുപ്പിള്ളി | 54 | 13/247 |
| 2 | പള്ളിപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം സബ് സെന്റർ | 7 | 10/38, 39 |
| 3 | ക്ലിനോകെയർ ഡയഗ്നോസ്റ്റിക് സെന്റർ | 43 | 1/232 |
| 4 | വടശ്ശേരി ഡയഗ്നോസ്റ്റിക് സെന്റർ | 52 | 4/20 |
| 5 | ആസ്പെയർ ഡെന്റൽ കെയർ | 56 | 10/62/J, H |
| 6 | എ & എ ഇൻഡേയൻ സർവ്വീസ് | 57 | 11/284 |
| 7 | അക്യു കെയർ | 77 | 1/195 |

2) 2024-2025 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (14/27-09-2025) മറുപടി ലഭ്യമായില്ല. മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല (വാട്ടർ അതോറിറ്റി)-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 24-25 വർഷം നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾക്ക് താഴെ ചേർക്കും പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നം-7/25.09.25 )

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 211/25 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ള ഫീഡർലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 65000/- (ധ.ക.ഗ്രാന്റ്) |
| ചെലവ് | 60000/- |
| ബിൽ നം | 1)415/28.03.25, 54000/-<br>2)419/29.03.25, 6000/- |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 91/25 |
| പ്രോജക്ടിന്റെ പേര് | കേടായ കുടിവെള്ള ഫീഡർ ലൈൻ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 200000/- (ധ.ക.ഗ്രാന്റ് ടൈഡ്) |
| ചെലവ് | 200000/- |
| ബിൽ നം | 1)411/27.03.25, 180000/-<br>2)417/29.03.25, 20000/- |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ മേൽ രണ്ട് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 2,60,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 159/25 (SO) |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ കേടായ കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 150910/- (ധ.ക.ഗ്രാന്റ് ടൈഡ്) |
| ചെലവ് | 150910/- |
| ബിൽ നം | 81/24.07.24 |

മേൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം എൻകചയറി നൽകിയതിനെ തുടർന്ന് ഓഡിറ്റിനായി ഹാജരാക്കിയിരുന്നു. എക്സിക്യൂട്ടീവ് എൻജിനീയറുടെ 29.05.2025 തീയതിയിലെ സാക്ഷ്യപത്രപ്രകാരം മേൽ പ്രവൃത്തിക്കായി ആകെ ചെലവഴിച്ചത് മുൻവർഷം ചെലവഴിച്ച 1,29,090/-രൂപ ഉൾപ്പെടെ 2,25,000/-രൂപയാണ്. പ്രവൃത്തിക്കായി 2,80,000/-രൂപയാണ് അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നത്. ആയതിനാൽ ചെലവഴിക്കാതെ വാട്ടർ അതോറിറ്റിയുടെ പക്കൽ അവശേഷിക്കുന്ന 57,500/-രൂപ തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കി വിവരമറിയിക്കേണ്ടതാണ്.

**1-15 പാലിയേറ്റീവ് കെയർ - മരുന്ന് പൂർണമായി ലഭ്യമായില്ല - 86,373/-രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 112/25 (SO)<br>പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പദ്ധതി അടങ്കൽ | 1,41,903/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 1,41,901/- |
| ബിൽ നമ്പർ/തീയതി | 1)2/09.05.24, 1,10,581/-<br>2)34/16.05.24, 31,320/- |

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന് വാങ്ങുന്നതിനായി മേൽ പട്ടികയിലെ ക്രമ നമ്പർ - 1 ബിൽ പ്രകാരമുള്ള 1,10,581/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് PRF NO-4366/21.02.24 പ്രകാരം മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 24,208/-രൂപയുടെ മരുന്നുകൾ 2024 ജൂലൈ മാസം ലഭ്യമായിട്ടുണ്ട്. ബാക്കി 86,373/-രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയിസും സ്റ്റോക്ക് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-18/29.09.25) ആയവ ലഭ്യമാകുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 86,373/-രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-16 അങ്കണവാടികൾക്ക് കളിപ്പാട്ടം വാങ്ങൽ - GeM മുഖേന വാങ്ങൽ - സാധ്യത പരിശോധിച്ചതായി കാണുന്നില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 124/25, അങ്കണവാടികൾക്ക് കളിപ്പാട്ടം വാങ്ങൽ |
| അടങ്കൽ | ₹71,344/-(സ്പിൽ ഓവർ) |
| ചെലവ് | ₹71,344/-(വികസന ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം) |
| തുക /ബിൽ.നം-തീയതി | 1)₹71,344/-, 18/09.05.24 |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

കുഴുപ്പിള്ളി പഞ്ചായത്തിലെ 14 അങ്കണവാടികളിലുള്ള കുട്ടികൾക്ക് കായിക വളർച്ചയ്ക്കും/ മാനസിക ഉല്ലാസത്തിനും വേണ്ടി കളി ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് നിർവ്വഹണത്തിൽ GeM മുഖേന വാങ്ങൽ - സാധ്യത പരിശോധിച്ചതായി കാണുന്നില്ല.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തീയതി 26-04-2019 പ്രകാരവും GeM ൽ 10.07.2024 ൽ വരുത്തിയ ഭേദഗതികൾ പ്രകാരവും, എല്ലാ സർക്കാർ വകുപ്പുകളും 50000/- രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെങ്കിലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ

ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് സഫാരി ട്രേഡിംഗ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.B2C/23-24/00031/24.01.24പ്രകാരം 71,334/-രൂപയ്ക്ക് ടെണ്ടർ നടപടികളിലൂടെ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.4/25.09.2025 നല്കിയതിൻ ഫലമായി ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊള്ളാമെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഫയലിൽ ചേർത്ത ശേഷം തുടർ നടപടി സ്വീകരിക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

**1-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-6548/-രൂപ തടസ്സം**

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 72/25, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ (ഫണ്ട്) | 2,00,000/-(മെയിന്റെൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 2,00,000/- |
| ബിൽ നം/തിയതി | 168/17.12.24 |
| തുക/ഇൻവോയ്സ് നം/ തിയതി | 1)₹33,636/LF-460/28.06.25<br>2)₹95,482/LF-2545/13.02.25<br>3)₹64334/LF-2802/05.03.25 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഹോമിയോ (കുഴിപ്പിള്ളി ഗ്രാമ പഞ്ചായത്ത് ) |

ട്രഷറി ബിൽ പ്രകാരം 2,00,000/-രൂപ ഹോംകോയ്ക്കു കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകളും ഇൻവോയ്സും പ്രകാരം 6548/-രൂപയുടെ മരുന്ന് കൂടി ലഭിക്കുവാൻ ഉണ്ട്. വിശദാംശങ്ങൾ നൽകുവാൻ താല്പര്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/25.09.25) ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ബാക്കി തുകയ്ക്കുള്ള മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നതുവരെ 6,548/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകത.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 17/25, മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പദ്ധതി അടങ്കൽ | 3,75,000 /- |
| ചെലവ് | 3,75,000/- (വികസന ഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം) |
| ബിൽ നമ്പർ/തീയതി | 287/07.03.2025 |

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2024-25 കാലയളവിൽ ഫിഷറീസ് ഓഫീസർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ 10 ലാപ്ടോപ്പുകൾ "എക്സ്ട്രീം ഐറ്റി സൊലൂഷൻസ് '' എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.E/SL/24-25/71 തീയതി 25.02.25 പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) 10 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ആനുകൂല്യം മുൻവർഷങ്ങളിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ

ഉൾപ്പെടുത്തിയിട്ടില്ല.

2) ക്രമ പ്രകാരമുള്ള സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 158 പ്രകാരം നിഷ്കർഷിക്കുന്ന രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും നിലവിൽ നോട്ട് ബുക്കിലാണ് എഴുതി പോരുന്നത് ആയതിൽ ഉപകരണത്തിന്റെ സീരിയൽ നം., വാറന്റി വിവരം തുടങ്ങിയവ രേഖപ്പെടുത്തി കാണുന്നില്ല.

3)മേൽ ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരവും GeM ൽ 10.07.2024 ൽ വരുത്തിയ ഭേദഗതികൾ പ്രകാരവും, എല്ലാ സർക്കാർ വകുപ്പുകളും 50000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. ആയതിൽ 50000/- രൂപയ്ക്കും 5,00,000/- ഇടയ്ക്കും ഉള്ള വാങ്ങലുകളിൽ കുറഞ്ഞത് മൂന്ന സേവന ദാതാക്കളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ജെം മുഖേന വാങ്ങൽ നടത്തിയെങ്കിലും ടെണ്ടർ നടപടികളിൽ "എക്സ്ട്രീം ഐറ്റി സൊലൂഷൻസ്" എന്ന ഒരു സേവന ദാതാവ് (സപ്ലയർ) വിതരണം ചെയ്യുന്ന വിവിധ കമ്പനികളുടെ ലാപ്ടോപ്പുകൾ ഉൾക്കൊള്ളിച്ച് താരതമ്യം ചെയ്തു വാങ്ങുകയാണ് ഉണ്ടായത്, കുറഞ്ഞത് മൂന്നു സേവന ദാതാക്കളെ ഉൾക്കൊള്ളിച്ച് താരതമ്യം നടത്തി അതിൽ നിന്നും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സേവന ദാതാവിനെ തിരഞ്ഞെടുക്കൽ പ്രക്രിയ നടന്നിട്ടില്ല. ടെണ്ടർ നടപടികളിൽ ഇപ്രകാരം അപാകത ഉണ്ടായതായി കാണുന്നു.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.4/25.09.2025 നല്കിയതിന് ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊള്ളാമെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ ചട്ടപ്രകാരം എഴുതി സൂക്ഷിക്കേണ്ടതും, പദ്ധതിയുടെ ആനുകൂല്യം മുൻവർഷങ്ങളിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉണ്ടെന്നും, ടെണ്ടർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-19 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവെച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് **കുഴുപ്പിള്ളി** ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

### 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | | ***₹2,51,786*** | ***₹6,47,911*** *(5,911 പലിശ ഉൾപ്പടെ)* | ***₹2,75,467*** *(7,467 പലിശ ഉൾപ്പടെ)* |

| | | | | | |
|---|---|---|---|---|---|
| | (Ii) പി.എച്ച്.സി. | | | | |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | ***₹1,03,769*** | ***₹2,89,264*** *(3,264 പലിശ ഉൾപ്പടെ)* | ***₹4,60,549*** *(4,549 പലിശ ഉൾപ്പടെ)* |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

## 2. **<u>നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.</u>**

| ക്രമ. നം. | സ്കീം | 21-22 (₹ | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ട്ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ട്ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | - | ₹2,49,740 | *₹3,92,835 (ബാങ്ക് ചാർജ്ജ്* ₹6 ഉൾപ്പടെ) | ₹2,49,171 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |

| | | | | | |
|---|---|---|---|---|---|
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററുകൾ, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *₹1,02,949* | *₹1,27,306* | *₹1,56,783* |

**ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം**

| പ്രോജക്റ്റ് | ചെലവ് | | |
|---|---|---|---|
| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | | | |
| | 2022-23 | 2023-24 | 2024-25 |
| രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | ₹2,49,740 | *₹3,92,835* | ₹2,49,171 |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | *₹1,02,949* | *₹1,27,306* | *₹1,56,783* |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. (320100202) | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) UBI A/C No.741302010007404 |
|---|---|---|

| | | |
|---|---|---|
| | UBI A/C No.741302010007405 | |
| മുന്നിരുപ്പ് | ₹2,57,122 | ₹1,62,778 |
| വരവ് (പലിശ ഉൾപ്പെടെ) | ₹2,75,467 | ₹4,60,549 |
| ആകെ | ₹5,32,589 | ₹6,23,327 |
| ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | ₹2,49,171 | ₹1,56,783 |
| നീക്കിയിരുപ്പ് | ₹2,83,418 | ₹4,66,544 |

## 1-20 ജൽജീവൻ മിഷൻ -അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50

എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഭാഗഭാക്കാകുവാനും 29-06-2020 ലെ പഞ്ചായത്ത് കമ്മിറ്റി 1(1) -ാം നമ്പർ തീരുമാന പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ 08-06-2020 ലെ 395/എഫ്എം.3/2019 തസ്വഭവ നമ്പർ കത്ത് വായിച്ച് റെക്കോർഡാക്കിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല.

22-09-2022 ലെ പഞ്ചായാത്ത് കമ്മിറ്റി 1(1) -ാം നമ്പർ തീരുമാന പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പ്രവർത്തികൾ 100% പൂർത്തികരിച്ചിട്ടുള്ളതും ഗ്രാമസഭ കൂടി പ്രസിഡന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണെന്നും പ്രസ്തുത വിവരങ്ങളും ഗ്രാമസഭാ മിനിറ്റ്സിന്റെ പകർപ്പും വീഡിയോയും വാട്ടർ അതോറിറ്റിക്ക് അയച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 08-09-2023 ലെ പഞ്ചായാത്ത് കമ്മിറ്റി 27(1) - ാം നമ്പർ തീരുമാനത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ആയതിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളും നിർവ്വഹണവും സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 04-08-2023 ലെ 164/DB4/2021/WSD/KHI കത്ത് കമ്മിറ്റി ചർച്ച ചെയ്തതായും നിയമാനുസൃത ഫീസ് അടച്ച സ്ട്രീറ്റ് ടാപ്പുകൾ കട്ട് ചെയ്ത് വാട്ടർ ചാർജ്ജിനത്തിൽ കൃത്യത വരുത്തി നൽകുന്ന മുറക്ക് കത്തിൽ ആവശ്യപ്പെട്ട പ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചെന്നും

രേഖപ്പെടുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തികൾ 100% പൂർത്തികരിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി വാട്ടർ അതോറിറ്റിയാണ് നടപ്പാക്കിയതെന്നും ഗ്രാമപഞ്ചായത്ത് വിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറിയിട്ടിയില്ലെന്നുമാണ് ഓഡിറ്റ് എൻകയറിക്ക് (17/29-09-2025) മറുപടിയായി പഞ്ചായത്ത് അറിയിച്ചത്.

20-05-2022 ലെ പഞ്ചായാത്ത് കമ്മിറ്റി 6(1) -ാം നമ്പർ തീരുമാന പ്രകാരം ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ സഹായ ഏജൻസി ആയ ദി അന്ത്യോദയ അങ്കമാലിയുടെ ത്രികക്ഷി കരാറിലുള്ള പ്രകാരം ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ സഹായ ഏജൻസി നടപ്പിലാക്കേണ്ട പ്രവർത്തന കലണ്ടർ അംഗീകരിച്ച് നൽകുന്നതിനായി പ്രോജക്റ്റ് കോ - ഓർഡിനേറ്റർ, ജൽജീവൻ മിഷൻ, ISA ദി അന്ത്യോദയ സമർപ്പിച്ച അപേക്ഷ വായിച്ച് ചർച്ച ചെയ്യുകയും പ്രവർത്തന കലണ്ടർ അംഗീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദി അന്ത്യോദയ അങ്കമാലി നടത്തിയ വിവിധ പരിപാടികളുടേയും ഫീൽഡ് പ്രവർത്തനങ്ങളുടെ റിപ്പോർട്ടും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് ആറ് ക്ലെയിമുകളുടെ തുക അനുവദിക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്.

11-05-2021 ലെ പഞ്ചായത്ത് കമ്മിറ്റി 1(1) -ാം നമ്പർ തീരുമാന പ്രകാരം ജൽജീവൻ മിഷൻ വിഹിതം പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നും 14,70,000/- രൂപ വകയിരുത്തി പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 18-08-2021 ലെ പഞ്ചായത്ത് കമ്മിറ്റി 1(1) -ാം നമ്പർ തീരുമാനത്തിൽ 100/22 ജൽജീവൻ മിഷൻ വിഹിതം എന്ന പ്രോജക്ടിൽ അടങ്കൽ 14,70,000/- എന്നത് ജൽജീവൻ മിഷൻ പ്രോജക്ടിന് സി.എഫ്.സി ഫണ്ട് ഉപയോഗിക്കരുത് എന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് വേണ്ടി 4,00,000/- രൂപ (വികസന ഫണ്ട് സാധാരണ വിഹിതം) ആയി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാന പ്രകാരം 46/22 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (അടങ്കൽ - 325000/- രുപ ) ജൽ ജീവൻ മിഷൻ പദ്ധതിക്ക് തുക കണ്ടെത്തുന്നതിന് വേണ്ടി ഉപേക്ഷിച്ചിട്ടുണ്ട്. 18-06-2021 ലെ പഞ്ചായത്ത് കമ്മിറ്റി 6(1) -ാം നമ്പർ തീരുമാനത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമാകുവാൻ കുഴുപ്പിള്ളി

ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ടെന്നും 350 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിച്ചതിന് ശേഷം തുക കൈമാറുന്നതിനാവശ്യമായ ഡിമാന്റ് ലെറ്ററോ എസ്റ്റിമേറ്റോ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടില്ലാത്തതിനാലാണ് 46/22 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (17/29-09-2025) മറുപടിയായി പഞ്ചായത്ത് അറിയിച്ചത്.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 16 | **₹70,500*** | **₹70,500** | **₹6,000** | - |

* 12 ജീവനക്കാർ X ₹500 X 10 മാസം = ₹60,000
11 ജീവനക്കാർ X ₹500 X 1 മാസം = ₹5,500
10 ജീവനക്കാർ X ₹500 X 1 മാസം = ₹5,000

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കുടിശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹6000.00 | ചെറുധാന്യ കൃഷി(10/25) | ₹6000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹1,15,200.00 | പൊക്കാളി നെൽകൃഷി വികസനം (01/25) | ₹1,15,200.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹1,95,100.00 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (65/25) | ₹1,95,100.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹50,000.00 | അനുപൂരക പോഷകാഹാരം (61/25) | ₹50,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹32,910.00 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (122/25) | ₹32,910.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹1,52,230.00 | പാലിന് സബ്സിഡി(126/25) | ₹1,52,230.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,82,745.00 | പാലിന് സബ്സിഡി(22/25) | ₹2,82,745.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,20,509.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (54/25) | ₹2,20,509.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹13,60,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (90/25) | ₹13,60,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹15,00,000.00 | ലൈഫ് ഭവനനിർമ്മാണം എസ് സി (59/25) | ₹15,00,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹4,74,205.00 | എം ഒ ദേവസ്സി ലെയ്ൻ നിർമ്മാണം വാർഡ് 9 | ₹4,74,205.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| | | | (181/25) | | |
| ആകെ | | **₹43,88,899.00** | | **₹43,88,899.00** | **₹0.00** |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹3,000.00 | ചെറുധാന്യ കൃഷി(10/25) | ₹3,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,15,200.00 | പൊക്കാളി നെൽകൃഷി വികസനം (01/25) | ₹1,15,200.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,00,000.00 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (65/25) | ₹1,00,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹4,40,000.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ (54/25) | ₹4,40,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹5,20,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (90/25) | ₹5,20,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,94,723.00 | കാരുണ്യം ക്ഷേമ സമിതിയ്ക്കു സമീപം കലുങ്ക നിർമ്മാണം സംയുക്തം വാർഡ് 2 വർക്ക്ഷ്ളേ റോഡ് (186/25) | ₹1,94,723.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹7,67,523.00 | വി ഡി എസ് എൽ പി എസ് റോഡ് അറ്റകുറ്റപണികൾ സംയുക്തം വാർഡ് 7 (138/25) | ₹7,67,523.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹20,00,000.00 | നികത്തിൽ കോളനി റോഡ് അറ്റകുറ്റപണികൾ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് വാർഡ് 13 – സംയുക്തം (131/25) | ₹20,00,000.00 | ₹0.00 |
| ആകെ | | **₹41,40,446.00** | | **₹41,40,446.00** | **₹0.00** |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0076/25) | 337/13-03-25=₹1,31,850 248/17-02-25=₹1,48,500 340/14-03-25=₹16,500 | ₹2,96,850 | ₹2,96,850 | 0 |
| 24-25 | കേരള വാട്ടർ അതോറിറ്റി | കേടായ കുടിവെള്ള ഫീഡർ ലൈൻ മാറ്റി സ്ഥാപിക്കൽ (S0091/25) | 411/27-03-25 =₹1,80,000 417/29-03-25 = ₹20,000 | ₹2,00,000 | 0 | ₹2,00,000 |
| 24-25 | കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കേടായ കുടിവെള്ള ഫീഡർ ലൈൻ മാറ്റി സ്ഥാപിക്കൽ(S00159/25) | 81/24-07-24 | ₹1,50,910 | 0 | ₹1,50,910 |
| 24-25 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ഫീഡർ ലൈൻ ദീർഘിപ്പിക്കൽ(S00211/25) | 415/28-03-25 = ₹54,000 419/29-03-25 = ₹6,000 | ₹60,000 | 0 | ₹60,000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവൃത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 330500201 KURDFC | ₹1,25,31,177 | 0 | ₹1,25,31,177 | ₹21,35,171 | - | ₹1,03,96,006 |
| 330500202 HUDCO | ₹1,07,60,000 | ₹3,30,038 | ₹1,10,90,038 | 0 | - | ₹1,10,90,038 |
| **ആകെ** | **₹2,32,91,177** | **₹3,30,038** | **₹2,36,21,215** | **₹21,35,171** | **-** | **₹2,14,86,044** |

**ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം**

| നമ്പർ | പേര് | തുക |
|---|---|---|
| 216/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) - രണ്ടാം ഗഡു | ₹9,28,455 |
| 218/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) – മൂന്നാം ഗഡു | ₹9,22,566 |
| 217/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – മൂന്നാം ഗഡു | ₹1,39,011 |
| 219/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – രണ്ടാം ഗഡു | ₹1,45,139 |
| **ആകെ** | | **₹21,35,171** |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനുവരി മാസത്തിന്റെ തുടക്കത്തിൽ കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി. അതോടെ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് ₹51333/-യിൽ നിന്ന് ₹70875/- ആയി വർദ്ധിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകും എന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | ടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018ൽ ₹56728/- വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്. |
| | | | | | പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,29,66,923.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,32,06,753.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,52,921.00 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | ₹2,60,000.00 | ശ്രീ. ബെൻസി എൻ, സെക്രട്ടറി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 1-15 | ₹86,373.00 | ഡോ.സൗമ്യ വാസുദേവൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-17 | ₹6,548.00 | ഡോ.രജിത കെ ആർ , മെഡിക്കൽ ഓഫീസർ ഹോമിയോ |
| **ആകെ** | **₹3,52,921.00** | |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബെൻസി എൻ, സെക്രട്ടറി | സീനിയർ.സൂപ്രണ്ട്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം | മല്ലശേരി, ഏനാത്ത് പി ഒ, പത്തനംതിട്ട |
| ഡോ സൗമ്യ വാസുദേവൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കുഴുപ്പിള്ളി | ഈരേക്കാട്ട് ഹൗസ്, പെരുമനം കോട്ടേജ്, കടവത്ത് റോഡ്, നോർത്ത് പറവൂർ |
| ഡോ.രജിത കെ ആർ, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, എടവനക്കാട് | മണപ്പറമ്പിൽ, കുഴുക്കാട്ടുശേരി പിഒ, തൃശൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി. 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി. 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19, തീയതി. 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19, തീയതി. 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി. 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19, തീയതി. 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19, തീയതി. 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16, തീയതി. 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17, തീയതി. 21.10.17 |

| | |
|---|---|
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018, തീയതി. 02.11.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020, തീയതി. 19.03.20 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 09.08.21 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 13.09.21 |
| 2021-22 | കെ.എസ്.എ. ഇ.കെ.എം.(പി3)354/23, തീയതി. 17.04.23 |
| 2022-23 | കെ.എസ്.എ. ഇ.കെ.എം.(പി3)1199/23, തീയതി. 05.10.23 |
| 2023-24 | കെ.എസ്.എ. ഇ.കെ.എം.(പി4)1337/2024, തീയതി. 08.04.25 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 05-07-2025 and submitted on 16-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kuzhuppilly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kuzhuppilly Grama Panchayat as on 31-03-2025

**Date: 14/11/2025**

Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Kuzhuppilly Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. Non inclusion of notes to accounts in financial statements and non-disclosure of material facts.
2. Cash Flow statement Net increase / decrease in cash flow does not match with difference between opening balance and closing balance.

3. Mismatch of Property tax amount in between annual financial statements and Sanchaya

4. The advance payment to KSEB for the Deposit work was not recorded under Advance head.
5. Central finance commission grant expenditure - There is a difference of Rs. 49,870/- between the Sulekha Expenditure Report and the Annual Financial statements.
6. Although Kuzhuppilly Grama Panchayath has an account A/C NO -741302010007406 in UBI Edavanakkad branch with a zero balance, it has not been included in the annual financial statement.
7. Central Finance Commission grant- There is a difference of Rs.67,116/- between Bank book balance and ledger balance.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്